കമ്മീഷനും 1991 ഒക്ടോബർ മുതൽ പ്രവർത്തിച്ചുവരുന്നു. ഇരുപത് ലക്ഷം രൂപ വരെ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസുകൾ ജില്ലാ ഫോറത്തിൽ ഫയൽ ചെയ്യാവുന്നതാണ്. 20 ലക്ഷം മുതൽ ഒരുകോടി രൂപ വരെ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസുകൾ സംസ്ഥാന കമ്മീഷനും കൈകാര്യം ചെയ്യുന്നു. ആയതിൽ വാദം കേട്ട് ഉപഭോക്തൃ ഫോറങ്ങൾ വിധി പുറപ്പെടുവിക്കുന്നു. നാമമാത്രമായ ചെലവിൽ പരാതികൾ സമർപ്പിച്ച് ഉപഭോക്താക്കൾക്ക് വേഗത്തിൽ ഉപഭോക്തൃ ഫോറങ്ങളിൽ നിന്നും പരിഹാരം തേടാവുന്നതാണ്.

(ബി) ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിൽ ഹൈക്കോടതി ജഡ്ജിയുടെ പദവിയിലുള്ള പ്രസിഡന്റും, ഒരു ജുഡീഷ്യൽ അംഗവും ഒരു വനിത ഉൾപ്പെടെ മൂന്നു അംഗങ്ങളുമാണ് ഉള്ളത്. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ഒരു പ്രസിഡന്റും 2 മെമ്പർമാരുമാണ് (ഒരു വനിത ഉൾപ്പെടെ) ഉപഭോക്തൃ ഫോറങ്ങളിലുള്ളത്. ഉപഭോക്തൃ കോടതി കക്ഷികളെ നേരിൽ കേട്ടും തെളിവെടുത്തും പുറപ്പെടുവിക്കുന്ന വിധി പരാതിക്കാരനും എതിർകക്ഷികൾക്കും അയച്ചുകൊടുക്കുന്നുണ്ട്. വിധി നടപ്പാക്കാത്ത അവസരങ്ങളിൽ എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്ത് ഉത്തരവ് നടപ്പാക്കാറുണ്ട്.

(സി&ഡി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ് എല്ലാ മാസവും എറണാകുളം, പാലക്കാട് ജില്ലകളിൽ നടത്തിവരുന്നുണ്ട്. വടക്കൻ ജില്ലകളിലെ ഉപഭോക്താക്കളുടെ യാത്രാ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കൂടുതൽ തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനും ഇത്തരം അദാലത്തുകൾ സഹായകരമാണ്. കൂടാതെ എറണാകുളം ഉപഭോക്തൃ ഫോറത്തിന്റെ ക്യാമ്പ് സിറ്റിംഗ് പിറവത്തും ഇടുക്കി ഫോറത്തിന്റെ സിറ്റിംഗ് തൊടുപുഴയിലും നടത്തുന്നു. കോട്ടയം ഫോറത്തിന്റെ ക്യാമ്പ് സിറ്റിംഗ് പാലായിലും തൃശ്ശൂർ ഉപഭോക്തൃ ഫോറത്തിന്റെ സിറ്റിംഗ് ചാലക്കുടിയിലും കണ്ണൂർ ഫോറത്തിന്റെ സിറ്റിംഗ് തലശ്ശേരിയിലും നടത്തുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയാണ്.

ഉപഭോക്തൃ തർക്ക പരിഹാര സംവിധാനം

252(3177) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കളുടെ പരാതി പരിഹാരത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ എല്ലായിടത്തും ആവശ്യമായ അംഗങ്ങളും ജീവനക്കാരും സൗകര്യങ്ങളും നിലവിലുണ്ടോ ;

(സി) ഇത്തരം സംവിധാനങ്ങളെ കുറിച്ച് ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ;

(ഡി) അടിയന്തര പരിഹാരം ആവശ്യമുള്ള ഉപഭോക്തൃ തർക്കങ്ങൾ അതിവേഗം പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ, ഇതിന് പ്രത്യേക സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം ഉപഭോക്താവിനുള്ള പരാതിക്ക് പരിഹാരം തേടുന്നതിന് എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറവും സംസ്ഥാന തലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിച്ചുവരുന്നു. അഡ്വക്കേറ്റിന്റെ സഹായമില്ലാതെ തന്നെ കമ്മീഷനിലും, ഫോറങ്ങളിലും ഉപഭോക്താവിന് നേരിട്ട് പരാതി ഫയൽ ചെയ്യാവുന്നതാണ്. കേസുകൾ കുറഞ്ഞ ചെലവിൽ, കുറഞ്ഞ സമയത്തിനുള്ളിൽതന്നെ തീർപ്പാക്കുന്നതുമാണ്.

(ബി) കോഴിക്കോട് ഉപഭോക്തൃ ഫോറത്തിൽ ഒരു മെമ്പറുടെ ഒഴിവുണ്ട്. ആയത് നികത്തുന്നതിലേയ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സേവനകാലാവധി പൂർത്തിയാക്കുന്ന ജില്ലാഫോറം പ്രസിഡന്റുമാർക്കും മെമ്പർമാർക്കും പകരം നിയമനം നടത്തുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം, പത്തനംതിട്ട, കോട്ടയം, മലപ്പുറം ഫോറങ്ങൾക്ക് പുതിയ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായി വരുന്നു. മറ്റ് ഫോറങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കേന്ദ്ര ഗവൺമെന്റിന്റെ സെക്കന്റ്തന്നിംഗ് കൺസ്യൂമർ ഫോറം പദ്ധതിയുടെ ഭാഗമായി അനുവദിച്ച തുക വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(സി) ഉപഭോക്തൃസംരക്ഷണം നടപ്പിലാക്കുന്നതിനുവേണ്ടി നിയമം അനുശാസിക്കുന്ന പ്രകാരം പൊതുജനങ്ങളുടെ പ്രതിനിധികൾ, സന്നദ്ധ ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സ്റ്റേറ്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലും ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് കൺസ്യൂമർ ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളെ ഉപഭോക്തൃ കാര്യങ്ങളിൽ ബോധവാൻമാരാക്കുന്നതിന് സംസ്ഥാനത്ത് തെരഞ്ഞെടുത്ത സ്കൂളുകളിൽ കൺസ്യൂമർ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന കമ്മീഷൻ മാസംതോറും സംഘടിപ്പിക്കുന്ന അദാലത്തുകൾ മുഖേന തർക്കപരിഹാരം ദ്രുതഗതിയിലായിട്ടുണ്ട്. കൂടാതെ, ഉപഭോക്തൃ സംരക്ഷണ രംഗത്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകൾ മുഖേന പരാതികൾ അനുരഞ്ജനത്തിലൂടെ (conciliation) തീർപ്പാക്കുന്നതിനും ഉപഭോക്തൃ ഫോറങ്ങളിലൂടെ തർക്ക പരിഹാരം നേടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും സാധ്യതകളുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലാ ഫോറങ്ങളുടെ താലൂക്കുതല ക്യാമ്പ് സിറ്റിംഗുകൾ എറണാകുളം, ഇടുക്കി താലൂക്കുകളിൽ തുടങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ക്യാംപ് സിറ്റിംഗ് ആരംഭിക്കുന്നത് ഗവൺമെന്റ് പരിശോധിക്കുന്നു.

കോഴിക്കോട് ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സ്വന്തമായി കെട്ടിടം

253(3178) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫോറത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് എന്നു മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിനായി കുന്ദമംഗലത്ത് പുതിയ ഒരു കെട്ടിടം പണിയുവരുന്നു. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സ്വന്തമായി പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 33,74,024 രൂപ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പാണ് കെട്ടിട നിർമ്മാണം നടത്തി വരുന്നത്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഫോറത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാവുന്നതാണ്.

വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരായ കേസുകൾ

254(3179) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-14 വർഷത്തിൽ വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത എത്ര വ്യാപാരികൾക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തത് ; പിഴയിനത്തിൽ എത്ര രൂപാ ഈടാക്കി ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly